LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ഡാം സുരക്ഷ അതോറിറ്റി പരിശോധനാവേളയിൽ അണക്കെട്ടുകളുടെ സുരക്ഷയ്ക്കായി നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ശിപാർശകൂടി പരിഗണിച്ച് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ജലസേചനവകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ സർവേലൻസ് സിസ്റ്റം (സി.സി.റ്റി.വി) സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനാവശ്യമായ നിർദ്ദേശം സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

ഡാം പരിശോധനയ്ക്കായി സംസ്ഥാനത്തെത്തിയ തമിഴ്നാട് സംഘം

108 (8168) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഡാമുകളുടെ സുരക്ഷാപ്രശ്നങ്ങൾ പഠിക്കുന്നതിന്റെ പേരിൽ സംസ്ഥാന സർക്കാരിന്റെ അനുമതിയോ അറിവോ ഇല്ലാതെ തമിഴ്നാട് സംഘം കേരളത്തിലെത്തി സുഖവാസ കേന്ദ്രങ്ങളിൽ താമസിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) തമിഴ്നാട് സംഘം ചേർത്തലയിൽ എത്തിയതും റിസോർട്ടിൽ തങ്ങിയതും സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനുവേണ്ട ഒത്താശകൾ ചെയ്ത ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു എന്ന് അറിയിക്കുമോ ; ഇവർക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എന്ത് നടപടി സ്വീകരിക്കുകയുണ്ടായി എന്ന് അറിയിക്കുമോ ;

(സി) തമിഴ്നാട് സംഘം ചേർത്തലയിൽ എത്തി താമസിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) കോയമ്പത്തൂരിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കേരള-തമിഴ്നാട് സർക്കാരുകൾ 1973 ആഗസ്റ്റ് 19-ന് ഒപ്പുവച്ച അന്തർ സംസ്ഥാന കരാറിലെ ക്ലോസ് f (XIII) അനുസരിച്ച് കേരളത്തിലേയും തമിഴ്നാട്ടിലേയും ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായിട്ടുള്ള ജോയിന്റ് കൺട്രോൾ ബോർഡിന്റെ (JCB) മീറ്റിംഗ് എല്ലാ വർഷവും കേരളത്തിലും തമിഴ്നാട്ടിലുമായി ഇടവിട്ട്

നടത്തിവരുന്നു. ഈ വർഷം 24-ാം ജോയിന്റ് കൺട്രോൾ ബോർഡിന്റെ (JCB) മീറ്റിംഗ് ആലപ്പുഴയിലെ തണ്ണീർമുക്കത്തുള്ള "WORLD BACK WATERS" ഓഡിറ്റോറിയത്തിൽവച്ച് 13-6-2014-ന് നടത്തുകയും, കരാറിലെ ഷെഡ്യൂൾ II പ്രകാരമുള്ള കാര്യങ്ങൾ (കുടിവെള്ളത്തിനായുള്ള ജലവിതരണവും നിയന്ത്രണവും) ചർച്ച ചെയ്യുകയുമുണ്ടായി. കരാറിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ജോയിന്റ് കൺട്രോൾ ബോർഡിന്റെ മീറ്റിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണത്തിന് പ്രസക്തിയുള്ളതായി കാണുന്നില്ല

മഴ സമൃദ്ധി പദ്ധതി

109 (8169) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് 'മഴ സമൃദ്ധി' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) മഴവെള്ളം കിണറുകളിലേക്ക് റീ ചാർജ് ചെയ്ത് ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പുവരുത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മഴ സമൃദ്ധി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കേരള സർക്കാരിന്റെ മിഷൻ 676 പദ്ധതിയുടെ ഭാഗമായി മഴവെള്ളത്തെ പ്രയോജനപ്പെടുത്തി കിണറുകളെ ജലസമൃദ്ധമാക്കാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ പ്രധാന കുടിവെള്ള സ്രോതസ്സായ കിണറുകളുടെ ജലശുദ്ധിയും ജല സമൃദ്ധിയും വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly